**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 653** | **13-01-2021 - ല്‍ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഇ. എസ്. ബിജിമോള്‍,<br>ശ്രീ . മുല്ലക്കര രത്നാകരന്‍ ,<br>ശ്രീ . ജി .എസ് .ജയലാല്‍ ,<br>ശ്രീമതി സി. കെ. ആശ** | | **Shri. Kadakampally Surendran<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണബാങ്കുകളില്‍ നിന്നും വായ്പയെടുത്തതിനുശേഷം മരണപ്പെടുന്നവര്‍, മാരകരോഗം ബാധിക്കുന്നവര്‍ എന്നിവര്‍ക്ക് സഹായം നല്‍കുന്നതിനുള്ള റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച വിവരങ്ങള്‍ ലഭ്യമാക്കുമോ; | (എ) | വിവിധ വായ്പ സഹകരണ സംഘങ്ങളില്‍ (സംസ്ഥാന സഹകരണ ബാങ്ക്, ജില്ല സഹകരണ ബാങ്കുകള്‍, അര്‍ബന്‍ സഹകരണ ബാങ്കുകള്‍, പ്രാഥമിക സഹകരണ കാര്‍ഷിക ഗ്രാമ വികസന ബാങ്കുകള്‍, സര്‍വ്വീസ് സഹകരണ ബാങ്കുകള്‍, എംപ്ലോയിസ് ക്രെഡിറ്റ് സഹകരണ സംഘങ്ങള്‍, മറ്റ് ഇതര വായ്പ സഹകരണ സംഘങ്ങള്‍) നിന്നും നല്‍കി വരുന്ന കാര്‍ഷിക കാര്‍ഷികേതര (സ്വര്‍ണ്ണ വായ്പയും, നിക്ഷേപവായ്പയും ഒഴികെയുള്ളവ) വായ്പകള്‍ക്കാണ് റിസ്ക്ക് ഫണ്ട് ആനുകൂല്യം നല്‍കി വരുന്നത്. വായ്പ എടുക്കുന്ന അംഗങ്ങളില്‍ നിന്നും റിസ്ക്ക് ഫണ്ട് നിയമാവലി വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക്ക് ഫണ്ട് വിഹിതം (ഏറ്റവും കുറഞ്ഞത് 100/- രൂപയും പരമാവധി 1000/- രൂപയും) ഒടുക്കേണ്ടതാണ്. മരണപ്പെട്ട/മാരക രോഗം ബാധിച്ച തീയതിയില്‍ വായ്പക്കാരന് 70 വയസ്സില്‍ അധികരിക്കരുത്. വായ്പക്കാരന്‍ മരണ പ്പെട്ടാല്‍ 6 മാസത്തില്‍ അധികരിച്ച് വായ്പ മുതല്‍ തിരിച്ചടവില്‍ കുടിശ്ശിക (റിസ്ക്ക് ഫണ്ട് ചികിത്സ ധനസഹായത്തിന് കുടിശ്ശിക ബാധകമല്ല) ഉണ്ടാകാന്‍ പാടില്ല. വായ്പയെടുത്ത അംഗം വായ്പ കാലാവധിയിലോ വായ്പ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കില്‍ ബോര്‍ഡിന്റെ നിയമാവലി നിബന്ധനകള്‍ക്ക് വിധേയമായി ടിയാളുടെ പേരില്‍ അന്നേ ദിവസം ബാക്കി നില്‍ക്കുന്ന വായ്പ മുതല്‍ അല്ലെങ്കില്‍ 200,000/- രൂപ ഇതില്‍ ഏതാണോ കുറവ് ആ തുക ഫണ്ടില്‍ നിന്നും നല്‍കുന്നതാണ്. ഒന്നില്‍ കൂടുതല്‍ കോ-ഒബ്ലിഗന്റ് ഉള്‍പ്പെട്ട കൂട്ടായ വായ്പയാണെങ്കില്‍ അതില്‍ ഒരു വായ്പക്കാരന്‍ മരണപ്പെട്ടാല്‍ പ്രസ്തുത വായ്പക്കാരന്റെ മരണ തീയതിയില്‍ ബാക്കി നില്‍ക്കുന്ന തുകയില്‍ |

| | | | |
|---|---|---|---|
| | | | ആനുപാതിക തുകയും ഫണ്ടിൽ നിന്നും നൽകുന്നതാണ്. വായ്പ എടുത്തതിനു ശേഷം മാരക രോഗം പിടിപ്പെടുന്ന അംഗങ്ങൾക്ക് വായ്പ മുതലിനത്തിൽ പരമാവധി 1,00,000/- രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്. |
| (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി കഴിഞ്ഞാൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സഹായധനം നൽകുന്ന നിധി സഹകരണ റിസ്ക് ഫണ്ട് ആണോ എന്നറിയിക്കുമോ; | (ബി) | സഹകരണ മേഖലയുമായി ബന്ധപ്പെട്ട് കേരള സഹകരണ റിസ്ക്ക് ഫണ്ട് പദ്ധതി പ്രകാരം ഒരു മാസം ശരാശരി 8 കോടി രൂപ റിസ്ക്ക് ഫണ്ട് ധനസഹായമായി ബോർഡിൽ നിന്നും നൽകി വരുന്നുണ്ട്. |
| (സി) | ഈ സർക്കാർ അധികാരമേറ്റത് മുതൽ 2020 അവസാനം വരെ നൽകിയിട്ടുള്ള റിസ്ക് ഫണ്ട് ധനസഹായം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ; | (സി) | ഈ സർക്കാർ അധികാരമേറ്റത് മുതൽ 2020 നവംബർ വരെ 37,859 അപേക്ഷകൾക്ക് 291.68 കോടി രൂപ റിസ്ക്ക് ഫണ്ട് ധനസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ഡി) | ജീവിതം തന്നെ പ്രതിസന്ധിയിലാകുമ്പോൾ ജനങ്ങൾക്ക് ആശ്വാസമാകുന്ന റിസ്ക് ഫണ്ട് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ് മുഖാന്തിരം നടപ്പിലാക്കി വരുന്ന റിസ്ക്ക് ഫണ്ട് പദ്ധതിയുടെ പ്രവർത്തനങ്ങൾ ബോർഡ് യോഗം ചേരുന്ന എല്ലാ മാസങ്ങളിലും വിലയിരുത്താറുണ്ട്. കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ് നിലവിൽ വന്ന ശേഷം റിസ്ക്ക് ഫണ്ട് പദ്ധതിയുടെ നിയമാവലിയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ